**മാധ്യമങ്ങളുടെ സ്ത്രീവിരുദ്ധഭാഷയെ ഫലപ്രദമായി നേരിടാനുള്ള അവസരം മാധ്യമങ്ങളോടുള്ള അമിത വിധേയത്വത്തിൽ നിന്നു മോചനം നേടാനുള്ള സുവർണ്ണാവസരമായി ഫെമിനിസ്റ്റുകൾ എടുക്കണമെന്ന്**

**ജെ. ദേവിക**

# സ്ത്രീവിരുദ്ധ മാധ്യമഭാഷയെ നേരിടണം

**സ്ത്രീകളെ** ഉപഭോക്താവായി മാത്രം പരിഗണിക്കുന്ന മുഖ്യധാരാമാധ്യമ പ്രവർത്തനത്തിനെതിരെ 80കളുടെ അവസാനത്തിൽ കേരളത്തിലെ ഫെമിനിസ്റ്റുകൾ പ്രതിഷേധിക്കുകയും ബദൽപ്രവർത്തനത്തിനും വിശകലനത്തിനും ശ്രമിക്കുകയും ചെയ്തിരുന്നു. എന്നാൽ വളരെ വലിയ തടസ്സങ്ങളെയാണ് അവർക്കു നേരിടേണ്ടിവന്നത്. രാഷ്ട്രീയപ്രസ്ഥാനങ്ങൾ മാത്രമല്ല, നവസാമൂഹ്യപ്രസ്ഥാനങ്ങളും ഫെമിനിസ്റ്റുകളെ സംശയത്തോടെയാണ് വീക്ഷിച്ചത്. ഇക്കാരണത്താൽ ലോകത്തെ പുതുതായി നോക്കിക്കാണാനുതകുന്ന ഭാഷയും പദാവലിയും സൃഷ്ടിക്കുക എന്ന അടിയന്തരദൗത്യം നിർവഹിക്കുന്നതിനു പകരം ഫെമിനസത്തെക്കുറിച്ച് എല്ലാക്കൂട്ടരും പ്രചരിപ്പിച്ചിരുന്ന തെറ്റിദ്ധാരണകളെ നേരിടാനായി ധാരാളം ഊർജ്ജവും സമയവും ചിലവഴിക്കേണ്ടി വന്നു. എങ്കിലും ഫെമിനിസത്തിന്റേതായ ഒരു സാങ്കേതികഭാഷയും, സാഹിത്യമെന്ന മാധ്യമത്തിലൂടെ കൂടുതൽ പ്രചാരമുള്ള സാമാന്യഭാഷയും ഉടലെടുക്കുമെന്ന പ്രതീക്ഷ 1980കളുടെ അവസാനത്തിൽ ഞങ്ങളിൽ പലരും പങ്കുവച്ചിരുന്നു.

പക്ഷേ ഈ പ്രതീക്ഷ പൂവണിഞ്ഞില്ല, അതിനു കാരണങ്ങൾ പലതുണ്ട്. ഒന്ന്, ഫെമിനിസ്റ്റ് രാഷ്ട്രീയഭാഷയുടെ സ്വഭാവത്തെക്കുറിച്ച് തെളിഞ്ഞ ധാരണ നമുക്കില്ലായിരുന്നു എന്നതു തന്നെ. ഏതൊരു രാഷ്ട്രീയഭാഷയും, അത് വെല്ലുവിളികളെ നേരിടാൻ കഴിയുംവിധം ശക്തമാകണമെങ്കിൽ, സാങ്കേതികവും സാമാന്യവുമായ ഘടകങ്ങളെ ഫലപ്രദമാംവിധം നിർമ്മിക്കുകയും പരസ്പരം ബന്ധിപ്പിക്കുകയും ചെയ്യണം. സാങ്കേതികഭാഷയിലൂടെയാണ് ബൗദ്ധികപൊതുമണ്ഡലത്തിനകത്തും, ഉന്നതവിദ്യാഭ്യാസത്തിനും അത് ഇടം നേടുന്നത്. കൃത്യവും രാഷ്ട്രീയമൂർച്ചയുള്ളതുമായ സാങ്കേതികഭാഷ ഉണ്ടാവുന്നത് ഏതൊരു രാഷ്ട്രീയ

കാത്തിരുന്നൊരു
പെൺകുട്ടി
ഇക്കൂട്ടത്തിലുണ്ട്.
ഒന്ന് കാണേണ്ടേ?




ത്തെയും പൊതുമണ്ഡലത്തിൽ ഉറപ്പിക്കുന്നു. ആ ഇടത്തിനു പുറത്ത് അത് പ്രചരിക്കണമെങ്കിൽ അത് സവിശേഷമായ പ്രാദേശികപരിസരങ്ങളുടെ സമ്മർദ്ദങ്ങൾക്കു വഴങ്ങി പുതിയ സാമാന്യഭാഷ ഉണ്ടാകണം. ഇതിനു രണ്ടിനും തുല്യപ്രാധാന്യമാണുള്ളത്.

എന്നാൽ ഇവിടെ നടന്ന ചർച്ചകളിൽ പലപ്പോഴും ഏതെങ്കിലുമൊന്നിന് അമിതപ്രാധാന്യം കൽപിക്കുകയും മറ്റേതിനെ അപ്രസക്തമായി തള്ളിക്കളയുകയും ചെയ്യുന്ന രീതിയായിരുന്നു, പലപ്പോഴും. ഇവ തമ്മിലുള്ള അനിവാര്യമായ പരസ്പരശാക്തീകരണത്തെക്കുറിച്ച് നാം ആലോചിച്ചിട്ടുണ്ടോ എന്നു തന്നെ സംശയമാണ്.

രണ്ടാമത്തെ കാരണം ആദ്യത്തേതിന്റെ തുടർച്ചയാണ്. മേൽസൂചിപ്പിച്ച കുറവു മൂലമുണ്ടായ വിടവിലൂടെ തള്ളിക്കയറിയത് രണ്ടുതരം താത്പര്യങ്ങളാണ് – മാധ്യമഭാഷയുടെയും ഭരണഭാഷയുടെയും വ്യത്യസ്തതാത്പര്യങ്ങൾ. 1990കളിൽ ഉണ്ടായ മാദ്ധ്യമവിസ്ഫോടനം ഫെമിസ്റ്റുകൾ ഉന്നയിക്കാൻ ശ്രമിച്ച പല വിഷയങ്ങളും ചർച്ചചെയ്യാനുള്ള ഇടങ്ങളുടെ എണ്ണം കൂട്ടി, പക്ഷേ അവ ചർച്ച ചെയ്യാനായി മാദ്ധ്യമങ്ങൾ തീർത്ത ഭാഷ പലപ്പോഴും അവ്യക്തവും അതിനാൽ സ്ത്രീവിരുദ്ധവ്യാഖ്യാനങ്ങൾക്കു വഴങ്ങുന്നവയുമായിരുന്നു – പീഡനം എന്ന വാക്ക് നല്ലൊരുദാഹരണമാണ്. ഇതിനു പുറമെ ബെയ്ജിങ് ഉച്ചകോടിക്കു ശേഷം കേരളത്തിൽ ശക്തമായ സർക്കാർ സ്ത്രീവാദം ലിംഗപ്രശ്നങ്ങളെക്കുറിച്ചു സംസാരിക്കാൻ പുതിയൊരു പദാവലി സൃഷ്ടിക്കുകയും ചെയ്തു. ഇതിൽ ഇവിടുത്തെ ഫെമിനിസ്റ്റുകൾ പങ്കാളികളായിരുന്നു. സർക്കാരിന്റെ ഭരണതാത്പര്യവുമായി കണ്ണിചേർക്കപ്പെട്ട ഭാഷയായിരുന്നു ഇത്. സ്ത്രീപക്ഷവികസനം എന്നൊക്കെയുള്ള അവകാശവാദത്തിലൂടെ ഫെമിനിസത്തിന്റെ ഏറ്റവും ന്യൂനീകരിക്കപ്പെട്ട ഒരു വ്യാഖ്യാനത്തിന്റെ അധീശത്വത്തിന് ഇട നൽകാനാണ് അതുപകരിച്ചത്. 1980കളിൽ നാം ഉയർത്തിയ പല പ്രധാനപ്രശ്നങ്ങളും തിരോധാനം ചെയ്തുവെന്നുമാത്രമല്ല, ഇവിടുത്തെ സ്ത്രീപക്ഷചിന്ത സാമ്പ്രദായികരീതികളിലേക്കു ചുരുങ്ങുകയും, പലപ്പോഴും യാഥാസ്ഥികനിലപാടുകളെ പരോക്ഷമായി പിന്താങ്ങുകയും ചെയ്യുന്നതുവരെ നാം കണ്ടു. തന്നെയുമല്ല, സർക്കാർഭാഷയ്ക്ക് സ്വാഭാവികമായി ഉണ്ടാകുന്ന വഴക്കമില്ലായ്മ അർത്ഥങ്ങളെ അരക്കിട്ടുറപ്പിച്ച് അധികാരത്തിന്റെ ഭാഷയാക്കുന്നു.

സ്വാഭാവികമായും ഇതു മൂലം മാധ്യമങ്ങളുടെ സ്ത്രീവിരുദ്ധഭാഷയെ ഫലപ്രദമായി നേരിടാൻ നമുക്കു കഴിയുന്നില്ല. മാറിവരുന്ന പിതൃമേധാവിത്വവ്യവസ്ഥിതി സ്ത്രീജീവിതത്തെ ബാധിക്കുന്ന രീതികളെ വ്യക്തമായി പ്രകാശിപ്പിക്കുന്ന ഭാഷ നമുക്കില്ല. ഉദാഹരണത്തിന്, വിവാഹസമയത്ത് വധുവിനു സ്വന്തം കുടുംബക്കാർ നൽകുന്ന സമ്മാനമല്ല ഇന്ന് 'സ്ത്രീധനം'. മറിച്ച്, വരന്റെ ജോലി, കുടുംബം മുതലായ യോഗ്യതകൾക്കനുസരിച്ച് തിട്ടപ്പെടുത്തുന്ന വിലയാണത്. അതായത് ഇന്നത്തെ യാഥാർത്ഥ്യം 'സ്ത്രീധന'ത്തിന്റേതല്ല, 'വരവില'യുടേതാണ് – – ഈ യാഥാർത്ഥ്യത്തിന്റെ രാഷ്ട്രീയത്തെ വെളിവാക്കാൻ പ്രാപ്തമായ പദം 'വരവില' തന്നെ. സ്ത്രീപക്ഷസാംസ്കാരികപ്രവർത്തകർ ഭാഷയിൽ ഇടപെടാത്തിടത്തോളം, 'സ്ത്രീധന'മെന്ന വാക്കിലൂടെ ഇപ്പറഞ്ഞ രാഷ്ട്രീയം അദൃശ്യമായിത്തന്നെ തുടരും.

മറ്റൊരു ഭാഷ തേടുന്നത് തീർച്ചയായും ഫെമിനിസ്റ്റുകൾക്കു ഇന്ന് ലഭ്യമായ മാധ്യമദൃശ്യതയെ മോശമായി ബാധിക്കുമെന്ന് ചിലർ കരുതുന്നുണ്ടാവും. എന്നാൽ അങ്ങനെ ആയിക്കൊള്ളണമെന്നില്ല. അതിലുപരി, മാദ്ധ്യമങ്ങളോടുള്ള അമിതവി

**വിവാഹസമയത്ത് വധുവിനു സ്വന്തം കുടുംബക്കാർ നൽകുന്ന സമ്മാനമല്ല ഇന്ന് 'സ്ത്രീധനം'. മറിച്ച്, വരന്റെ ജോലി, കുടുംബം മുതലായ യോഗ്യതകൾക്കനുസരിച്ച് തിട്ടപ്പെടുത്തുന്ന വിലയാണത്. അതായത് ഇന്നത്തെ യാഥാർത്ഥ്യം 'സ്ത്രീധന' ത്തിന്റേതല്ല, 'വരവില' യുടേതാണ് – ഈ യാഥാർത്ഥ്യത്തിന്റെ രാഷ്ട്രീയത്തെ വെളിവാക്കാൻ പ്രാപ്തമായ പദം 'വരവില' തന്നെ. സ്ത്രീപക്ഷസാംസ്കാരിക പ്രവർത്തകർ ഭാഷയിൽ ഇടപെടാത്തിടത്തോളം, 'സ്ത്രീധന' മെന്ന വാക്കിലൂടെ ഇപ്പറഞ്ഞ രാഷ്ട്രീയം അദൃശ്യമായിത്തന്നെ തുടരും.**

**നായർ യുവതി**

22/ 155, വെളുപ്പ് നിറം, അനിഴം, ശുദ്ധജാതകം, MA പരീക്ഷ എഴുതിയിരിക്കുന്നു. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.

ധേയത്വത്തിൽ നിന്നു മോചനം നേടാനുള്ള സുവർണ്ണാവസരമായി ഇതിനെ എന്തുകൊണ്ട് കണ്ടുകൂടാ? ഈ അതിവിധേയത്വം പലപ്പോഴും സന്ദിഗ്ദ്ധഫലങ്ങളാണ് കൊണ്ടുവന്നിട്ടുള്ളത്.

പരിസ്ഥിതിസമരങ്ങളുടെ റിപ്പോർട്ടിംഗ് പലപ്പോഴും സ്ത്രീപ്രവർത്തകരെ സ്ഥിരം വാർപ്പുമാതൃകകളിൽ അവതരിപ്പിക്കാനാണ് ശ്രമിക്കുന്നതെന്ന് ചൂണ്ടിക്കാട്ടിയപ്പോൾ കേരളത്തിലെ പ്രമുഖപരിസ്ഥിതിപ്രവർത്തകരിൽ ഒരാൾ അതിന്റെ അനിവാര്യതയെക്കുറിച്ച് എന്നെ ബോധ്യപ്പെടുത്താനാണ് പരിശ്രമിച്ചത്. മാധ്യമങ്ങളുടെ പിൻബലം കൂടിയേതീരൂ എന്നാണ് സ്ഥിതിയെന്നും അതിനാൽ കുറെ ഒത്തുതീർപ്പുകൾക്കു വഴങ്ങേണ്ടിവരുമെന്നുമായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ഇതിൽ അല്പം സത്യമുണ്ടായേക്കാം, എങ്കിലും ചെറുമാദ്ധ്യമങ്ങളുടെയും പുതുമാദ്ധ്യമങ്ങളുടെയും സാദ്ധ്യതകളെ നാം ഇനിയും പൂർണ്ണമായോ ഭാവനാസമ്പന്നമായ രീതിയിലോ പ്രയോജനപ്പെടുത്തിയിട്ടില്ല എന്നാണ് എനിക്കു തോന്നിയിട്ടുള്ളത്. ഈ സാദ്ധ്യതകളെ വേണ്ടവിധം പ്രയോഗിച്ചിട്ടുള്ളവർക്ക് ഒട്ടും ചെറുതല്ലാത്ത നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് നമ്മുടെ സാംസ്കാരികചരിത്രത്തിൽ നിന്നു വ്യക്തമാണ് – എം. ഗോവിന്ദനെപ്പോലുള്ളവരുടെ അനുഭവം തന്നെയാണ് തെളിവ്.

ഇന്റർനെറ്റിന്റെ സാദ്ധ്യതകളും വലുതാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇന്ന് കേരളത്തിനു പുറത്തു ജോലിചെയ്യുന്നവരും ബൗദ്ധികവ്യത്തികളിൽ ഏർപ്പെടുന്നവരുമായ സ്ത്രീകളുടെ എണ്ണം കൂടിയാണ് വരുന്നത്. ഇവരിൽ വലിയ ഒരു വിഭാഗം കേരളീയപിതൃമേധാവിത്വത്തോട് നേരിട്ടും അല്ലാതെയും കലഹിച്ചവരും അതിൽ നിന്നു ഒരളവുവരെയെങ്കിലും വിടുതൽ നേടിയവരുമാണ്. ഈ വിഭാഗത്തെ കേരളത്തിലെ ഫെമിനിസ്റ്റ് ചർച്ചകളിലും പോരാട്ടങ്ങളിലും ഉൾച്ചേർക്കാൻ നമുക്ക് കഴിയണം. മുൻപറഞ്ഞ കാരണങ്ങളാൽ നഷ്ടമായിത്തീർന്ന ഭാഷയും പദാവലിയും പുനഃസൃഷ്ടിക്കേണ്ടത് ഈ വഴിയിലൂടെയാണെന്ന് ഞാൻ കരുതുന്നു.

കാർട്ടൂൺ വി.എസ്. ഗിരീശൻ

